# പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2248 — 11.06.2018 — ൽ മറുപടിക്ക്

## മാവേലിക്കര താലൂക്ക് സപ്ലൈ ഓഫീസിലെ പുതിയ റേഷൻ കാർഡുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ആർ. രാജേഷ് : | ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി) |

(എ) മാവേലിക്കര താലൂക്ക് സപ്ലൈ ഓഫീസിൽ നിന്നും എത്ര പുതിയ റേഷൻ കാർഡുകൾ വിതരണം ചെയ്തിട്ടുണ്ട്; പഞ്ചായത്തുകൾ തിരിച്ചുള്ള വിവരം ലഭ്യമാക്കുമോ;

(എ) മാവേലിക്കര താലൂക്ക് സപ്ലൈ ഓഫീസിൽ നിന്നും 90380 പുതിയ റേഷൻ കാർഡുകൾ വിതരണം ചെയ്തിട്ടുണ്ട്. പഞ്ചായത്തുകൾ തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| മാവേലിക്കര മുനിസിപ്പാലിറ്റി | - | 6253 |
| ചെന്നിത്തല പഞ്ചായത്ത് | - | 8681 |
| തഴക്കര പഞ്ചായത്ത് | - | 8002 |
| ചുനക്കര പഞ്ചായത്ത് | - | 7607 |
| നൂറനാട് " | - | 8119 |
| പാലമേൽ " | - | 8372 |
| താമരക്കുളം " | - | 6844 |
| ചെട്ടിക്കുളങ്ങര " | - | 9145 |
| തെക്കേക്കര " | - | 9518 |
| വള്ളികുന്നം " | - | 8861 |
| ഭരണിക്കാവ് " | - | 8978 |

(ബി) പുതിയ റേഷൻ കാർഡുകളിലെ ബി.പി.എൽ/എ.പി.എൽ സംബന്ധിച്ച അപാകതകൾ പരിഹരിക്കുന്നതുമായി ബന്ധപ്പെട്ട് എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്നും ഈ അപേക്ഷകളിൽ സ്വീകരിച്ച നടപടികളും വിശദമാക്കുമോ;

(ബി) നിലവിൽ ബി.പി.എൽ/എ.പി.എൽ പട്ടികയ്ക്ക് പകരം മുൻഗണനാ/മുൻഗണനേതര പട്ടികയാണ് നിലവിലുള്ളത്. മുൻഗണനാ പട്ടിക സംബന്ധിച്ച അപാകതകൾ പരിഹരിക്കുന്നതുമായി ബന്ധപ്പെട്ട് 12063 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. ഇതിൽ നിന്നും 5129 പേരെ അർഹരാണെന്ന് കണ്ടെത്തിയിട്ടുണ്ട്. ആയതിൽ റേഷൻ കാർഡ് എ.എ.വൈ/പി.എച്ച്.എച്ച്.ലേക്ക് മാറ്റി നൽകിയത് 2141 എണ്ണമാണ്. ബാക്കിയുള്ളവരെ ഒഴിവുകൾ വരുന്ന മുറയ്ക്ക് മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

| | |
|---|---|
| **(സി)** പുതിയ റേഷൻ കാർഡുകൾക്കുള്ള അപേക്ഷകളും മേൽവിലാസം തിരുത്തുന്നതിനുള്ള അപേക്ഷകളും സ്വീകരിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ? | **(സി)** നിലവിൽ റേഷൻകാർഡ് ഇല്ലാത്തവരിൽ നിന്നും റേഷൻ കാർഡ് പുതുക്കാൻ കഴിയാത്തവരിൽ നിന്നുമായി 1340 അപേക്ഷകൾ മാവേലിക്കര താലൂക്കിൽ ലഭിച്ചിട്ടുണ്ട്. അതിൽ 05.06.2018-ൽ 100 കാർഡുകൾ വിതരണം നടത്തിയിട്ടുണ്ട്. മേൽ വിലാസം തിരുത്തുന്നതിനുള്ള അപേക്ഷകൾ ഉടൻ സ്വീകരിക്കുന്നതാണ്. |

*സെക്ഷൻ ഓഫീസർ*